# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2732 09.03.2017-ന് മറുപടിയ്ക്ക്

## പിന്നോക്ക ക്ഷേമവകുപ്പിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി. ടി. ബൽറാം | | ശ്രീ. എ.കെ. ബാലൻ<br><br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| എ) | പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് രൂപീകരിച്ച പിന്നോക്ക ക്ഷേമവകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | എ) | ഉണ്ട്. വകുപ്പ് തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം നടത്തി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിലും, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ മേഖലാ ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ താളം തെറ്റുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട്. 2011 ഡിസംബറിൽ നിലവിൽ വന്ന വകുപ്പിൽ ഫീൽഡ് തല പദ്ധതികൾ 2012-13 മുതൽ ആണ് ആരംഭിച്ചത്. വകുപ്പിന് രണ്ടു മേഖലാ ഓഫീസുകൾ ആരംഭിച്ചത് 2014-15 -ൽ ആണ്. ഓരോ മേഖലയ്ക്കും ഏഴു ജില്ലകളുടെ വീതം ചുമതലയാണുള്ളത്. സംസ്ഥാനത്തെ 70 ശതമാനത്തോളം ജനസംഖ്യയുള്ള പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി വിവിധ തരം ക്ഷേമപദ്ധതികളും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും വകുപ്പ് മുഖേന നടത്തിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന നിലവിൽ വിതരണം ചെയ്യുന്ന ഒ.ബി.സി/ഒ.ഇ.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന വിതരണം നടത്തുന്നതിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫീൽഡ് തല പരിശോധന വേണ്ടി വരുന്ന സ്കീമുകൾ നടപ്പിലാക്കുമ്പോൾ ജില്ലാതല ഓഫീ[illegible] |

| | | | |
|---|---|---|---|
| | | | കളില്ലാത്തത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതോടെ മെച്ചപ്പെട്ട സേവനം വേഗത്തിലും ഫലപ്രദമായും ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയും. |
| സി) | മേല്പറഞ്ഞ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികയും, നിലവിലുള്ള ജീവനക്കാരുടെ എണ്ണവും നൽകുമോ ; | സി) | **ഡയറക്ടറേറ്റ് തിരുവനന്തപുരം** |

**ഡയറക്ടറേറ്റ് തിരുവനന്തപുരം**

| തസ്തിക | എണ്ണം |
|---|---|
| ഡയറക്ടർ | 1 |
| സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 6 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| ഡ്രൈവർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

**മേഖലാ ഓഫീസ്, എറണാകുളം**

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |

**മേഖലാ ഓഫീസ്, കോഴിക്കോട്**

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |

ആകെ 26 തസ്തികകൾ. 14 തസ്തികകളിൽ സ്ഥിര ജീവനക്കാരുണ്ട്. നിലവിൽ 12 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിൽ 2 തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 10 തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലും ജീവനക്കാർ ജോലി ചെയ്തുവരുന്നു.

| | | | |
|---|---|---|---|
| ഡി) | അനുവദിക്കപ്പെട്ട തസ്തികകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സം മാറ്റി ആവശ്യമായ ജീവനക്കാരെ ആസ്ഥാന ഓഫീസിലും, മേഖലാ ഓഫീസുകളിലും നിയമിച്ച് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല. സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതുവരെ എക്സിക്യൂട്ടീവ് ഓർഡറിലൂടെ നിയമനം നടത്തുന്നതിന് പി.എസ്.സി യുടെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ തന്നെ പി.എസ്.സി വഴി നിയമനം നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**